ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുള്ള ഉത്തരവുകൾ സഹകരണ വകുപ്പു പാലിക്കുന്നില്ലെന്ന പരാതി

1223 [2192] ശ്രീ. കെ. ഇ. ഇസ്മയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുവേണ്ടി ഗവൺമെൻറു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ സഹകരണ വകുപ്പു പാലിക്കുന്നില്ലെന്ന പരാതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പിലേക്ക് ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുവേണ്ടി അപേക്ഷിച്ചിരുന്ന മറ്റു ഡിപ്പാർട്ടുമെൻറുകളിലെ എൽ. ഡി. ക്ലാർക്കുമാരുടെ അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ;

(സി) ഗവൺമെൻറ് ഉത്തരവ് പാലിക്കാതെ ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുള്ള അപേക്ഷ തള്ളിക്കളഞ്ഞിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഇനിമേലിലെങ്കിലും സഹകരണ വകുപ്പിലേക്ക് ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനു ചട്ടപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ വകുപ്പിൽ ഉണ്ടായിരുന്ന ഒഴിവുകൾ സർവ്വീസ് കമ്മീഷനു റിപ്പോർട്ടു ചെയ്തതുകൊണ്ട് ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിൻറെ അപേക്ഷകൾ പരിഗണിക്കുക ഉണ്ടായില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഈ കാര്യം പരിശോധിച്ചുവരുന്നു.

മണ്ണന്തല ഗവൺമെൻറ് പ്രസ്

1224 [2197] ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, എം. ജിനദേവൻ:
,, കെ. മൂസ്സക്കുട്ടി:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ഒ. ഭരതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തലയിലുള്ള ഗവൺമെൻറ് പ്രസ് പ്രവർത്തനമാരംഭിച്ചത് എന്നു മുതൽക്കാണ്;

(ബി) അത് പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയോ;

(സി) മണ്ണന്തല പ്രസ്സിലേക്ക് ഉള്ള ജീവനക്കാരെ നിയമിച്ചത് ഏതു രീതിയിലാണ്;

(ഡി) മണ്ണന്തല പ്രസ്സിലേക്കുള്ള നിയമനങ്ങൾ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകൾക്ക് എന്തെങ്കിലും ഉറപ്പ് സർക്കാർ നൽകിയിരുന്നോ;

(ഇ) എങ്കിൽ ആ ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9–1–1986 മുതൽ.

(ബി) ഇല്ല. നിലവിലുള്ള 50 എച്ച്. പി. വൈദ്യുതി ഉപയോഗിച്ച് 13 ലറർപ്രസ് മെഷീനുകളിൽ 5 എണ്ണം മാത്രമേ പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ളൂ.

(സി) മറാ ബ്രാഞ്ചു പ്രസ്സുകളിൽനിന്നും സ്ഥലം മാറിയും പ്രൊമോഷൻ മുഖേനയുമാണ് നിയമിച്ചിട്ടുള്ളത്.

(ഡി) സ്റ്റാഫ് പാറേൺ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനു മുൻപ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

(ഇ) സ്റ്റാഫ് പാറേൺ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

മണ്ണന്തല ഗവൺമെൻറ് പ്രസ്

1225 [2198] ശ്രീ. ടി. കെ. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവൺമെൻറ് പ്രസ്സിലേക്ക് പ്ലാൻ സ്കീമിൽ എത്ര രൂപയാണ് വക കൊള്ളിച്ചിരുന്നത്;

(ബി) അച്ചടി മെഷീനുകൾ വാങ്ങുന്നതിനായി വക കൊള്ളിച്ചിട്ടുള്ള തുക മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1986–87–ലെ പ്ലാൻ സ്കീമിൽ 170 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇല്ല.

മണ്ണന്തല ഗവൺമെൻറ് പ്രസ്സിലെ ഒഴിവുകൾ

1226 [2199] ശ്രീ. വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവൺമെൻറ് പ്രസ്സിൽ ഇപ്പോൾ ഏതെല്ലാം തസ്തികകളിൽ എത്ര വീതം ഒഴിവുകൾ നിലവിലുണ്ട്;

(ബി) സ്വീപ്പർ, ഇലക്ട്രീഷ്യൻ, കാർപ്പെൻറർ, ടൈംകീപ്പർ തുടങ്ങിയ തസ്തിക പുതുതായി അനുവദിച്ചിട്ടുണ്ടോ;

(സി) പ്രസ്സിൻെറ സുഗമമായ നടത്തിപ്പിനാവശ്യമായ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ടെക്നിക്കൽ സ്റ്റാഫിനെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടു ഗ്യാലി പ്രസ്മാൻമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly